## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.900 — 10.06.2019-ൽ മറുപടിയ്ക്ക്.

### <u>നീലക്കുറിഞ്ഞി ഉദ്യാനം</u>

| <u>ചോദ്യം</u><br>ശ്രീ.എസ്.രാജേന്ദ്രൻ | <u>ഉത്തരം</u><br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) ദേവികുളം മണ്ഡലത്തിലെ വട്ടവട പ്രദേശത്തെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് വനം വകുപ്പോ വനം-റവന്യൂ വകുപ്പുകൾ സംയുക്തമായോ സ്വീകരിച്ചുവരുന്ന നടപടികൾ/പരിശോധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് കേരളാ ലാന്റ് അസൈൻമെന്റ് ആക്ട് പ്രകാരമുള്ള കളക്ടറുടെ അധിക ചുമതല ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ.എ.റ്റി.ജയിംസ് ഐ.എ.എസ്-ന് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അദ്ദേഹം 04.01.19-നും, 05.01.19-നും പാമ്പാടും ഷോല നാഷണൽ പാർക്കിൽ വച്ച് വട്ടവട ബ്ലോക്ക് നമ്പർ 60-ലെ ഭൂമി സംബന്ധമായ രേഖകളുടെ പരിശോധനകൾ നടത്തുകയും ചെയ്തിരുന്നു. |
| (ബി) ഇതുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ഓഫീസിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേരുകളും പരിശോധിക്കുവാനുള്ള അധികാരം സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58-ലെയും, വട്ടവട വില്ലേജിലെ ബ്ലോക്ക് നം.62-ലെയും പട്ടയ ഭൂമി ഒഴികെ ബ്ലോക്ക് നം.59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമി കൂടി, പ്രധാനമായും ഗ്രാന്റീസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണ്ണയം ചെയ്യുക എന്നുള്ളതാണ് സ്പെഷ്യൽ ഓഫീസറുടെ ചുമതല |
| (സി) നീലക്കുറിഞ്ഞി ഉദ്യാനവുമായി ബന്ധപ്പെട്ട് അമിതമായ പോലീസ് ഇടപെടലുകളോടെ നടന്നുവരുന്ന പരിശോധനകൾ അവസാനിപ്പി-ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) വനം വന്യജീവി വകുപ്പ് നീലക്കുറിഞ്ഞി ഉദ്യാനവുമായി ബന്ധപ്പെട്ട പരിശോധനകൾ ഒന്നും തന്നെ പോലീസുമായി ചേർന്ന് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ